ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 73 റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഉണ്ട്. (18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 55 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും).

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, ആർ.ടി.ഒ. നാഷണലൈസ്ഡ് സെക്ടർ (തിരുവനന്തപുരം), ആറ്റിങ്ങൽ, മൂവാറ്റുപുഴ, വടകര എന്നിവയാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

പാറശ്ശാല, നെയ്യാറ്റിൻകര, നെടുമങ്ങാട്, കഴക്കൂട്ടം, കരുനാഗപ്പള്ളി, കൊട്ടാരക്കര, പുനലൂർ, അടൂർ, തിരുവല്ല, മല്ലപ്പള്ളി, കായംകുളം, ചെങ്ങന്നൂർ, മാവേലിക്കര, ചേർത്തല, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാല, വൈക്കം, വണ്ടിപെരിയാർ, തൊടുപുഴ, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, ആലുവ, നോർത്ത് പറവൂർ, മട്ടാഞ്ചേരി, കോതമംഗലം, ഇരിങ്ങാലക്കുട, ഗുരുവായൂർ, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പട്ടാമ്പി, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കൊയിലാണ്ടി, കൊടുവള്ളി, തലശ്ശേരി, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കണ്ണത്തൂർ, റാന്നി, അങ്കമാലി, ചാലക്കുടി, തിരുരങ്ങാടി, കട്ടനാട്, ഉഴവൂർ, ദേവികുളം, ഉടുമ്പൻചോല, ചിറ്റൂർ, നിലമ്പൂർ, മാനന്തവാടി, സുൽത്താൻബത്തേരി, എന്നിവയാണ് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

(ബി) സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത 8 താലൂക്കുകൾ നിലവിലുണ്ട്.

മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഇരിട്ടി, കൊണ്ടോട്ടി, കോന്നി, പത്തനാപുരം, വർക്കല, കാട്ടാക്കട എന്നിവയാണ് ആ താലൂക്കുകൾ.

കരമന-കളിയിക്കാവിള ദേശീയപാത വികസനം

337 (2166) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരമന-കളിയിക്കാവിള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പാപ്പനംകോട്ടുള്ള മുസ്ലീം പള്ളി മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം പാപ്പനംകോട് കെ.എസ്.ആർടി.സി. ഡിപ്പോയുടെ കോമ്പൗണ്ടിൽ അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ?

GPM.2/240/2020-52

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്ക്ഷോപ്പിന്റെ ഭാഗമായി ഉള്ള 4 സെന്റ് സ്ഥലം ഖബറും, മുസ്ലീം പള്ളിയും മാറ്റി സ്ഥാപിക്കുന്നതിനായി അനുമതി നൽകി 26-9-2015-ൽ സ.ഉ.(കൈ) 81/2015/പൊ.മ.വ. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ മേൽ ആവശ്യത്തിലേയ്ക്കായി സ്ഥലം വിട്ടുനൽകുന്നതിന് കെ.എസ്.ആർ.ടി.സി. ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടില്ല.

എൽ.പി.ജി. ടാങ്കറുകളുടെ സുരക്ഷ

338 (2167) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് മാർഗ്ഗം ഗതാഗതം ചെയ്യപ്പെടുന്ന എൽ.പി.ജി. ടാങ്കറുകൾ ഗുരുതര അപകടങ്ങളുണ്ടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിലൂടെ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ ;

(സി) എൽ.പി.ജി. ടാങ്കറുകളുടെ ഗതാഗതം അപകടരഹിതമാക്കുന്നതിന് ആവശ്യമായ നിയന്ത്രണ, മുൻകരുതൽ നടപടികൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 88 എൽ.പി.ജി. ടാങ്കർ വാഹന അപകടങ്ങളിലായി 61 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ചരക്കുകൾ കൊണ്ടുപോകുന്ന വലിയ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. 1-10-2006-ന് ശേഷം നിർമ്മിക്കപ്പെടുന്ന ഇത്തരം വാഹനങ്ങളിൽ ആന്റി ലോക്ക് ബ്രേക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ എല്ലാ വർഷവും അംഗീകൃത ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതും ആ വിവരം ഡ്രൈവിംഗ് ലൈസൻസിൽ എന്റോഴ്സ് ചെയ്യ സൂക്ഷിക്കേണ്ടതുമാണ്. ടാങ്കർ ലോറികളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും കർശനമായി പരിശോധിക്കുന്നുണ്ട്. തിരക്കേറിയ സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ നഗരത്തിലേക്ക് പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.